"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി അഡ്വാൻസായി സ്പെഷ്യൽ ഓഫീസർക്ക് **20 കോടി രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ.(സാധാ) നം.1211/2025/RD തീയതി,തിരുവനന്തപുരം, 20-05-2025

പരാമർശം:- 1 സ.ഉ. (എം.എസ്.) നം. 11/2025/ദു.നി.വ. തീയതി, 04.10.2024.

2 സ.ഉ. (എം.എസ്.) നം. 2/2025/ദു.നി.വ. തീയതി, 15.01.2025.

3 സ.ഉ. (എം.എസ്.) നം. 8/2025/ദു.നി.വ. തീയതി, 17.05.2025.

**ഉത്തരവ്**

30.07.2024-ന് വയനാട് ജില്ലയിലെ മേപ്പടിയിലുണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റൺ എസ്റ്റേറ്റിൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമായിട്ടുള്ളതും പ്രസ്തുത ടൗൺഷിപ്പ് നിർമ്മിക്കാൻ കിഫ്ബിയെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായും ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കോൺട്രാക്ടറായും പരാമർശം (2) പ്രകാരം നിയമിച്ചു ഉത്തരവായിട്ടുണ്ട്.

2)വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി അഡ്വാൻസായി സ്പെഷ്യൽ ഓഫീസർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20 കോടി രൂപ അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

3)വയനാട് ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് അഡ്വാൻസായി സ്പെഷ്യൽ ഓഫീസർക്ക് നൽകുന്നതിനായി 20 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചു ഉത്തരവാകുന്നു.

4)വിതരണത്തിനാവശ്യമായി വരുന്ന തുകയായ **20 കോടി (ഇരുപത് കോടി രൂപ) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ടി തുക വയനാട് ജില്ലാകളക്ടർ (പരാമർശം (3) ലെ ഖണ്ഡിക 5-ൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി) വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷ്യൽ ഓഫീസർക്ക് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചി.
മാനേജിംഗ് ഡയറക്ടർ, ഊരാളുങ്കൽ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ദുരന്തനിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Rakesh Paul
Date: 20-05-2025 15:21:17
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്